# SCAN & SHARE

## SELF OPD REGISTRATION & QUEUE MANAGEMENT SYSTEM

## NextGen e-Hospital

ഭാരതീയ ചികിത്സാവകുപ്പ്
Indian Systems of Medicine
Govt. of Kerala

### INDEX


| Sl No | Subject | Page No |
|---|---|---|
| 1 | Counter QR Code Registration | 1 |
| 2 | QR Code Scan & Data Sharing | 3 |
| 3 | OP Registration of Scan & Share tokens | 5 |



Prepared by:

**DR MANESH KUMAR E**

State Nodal Officer [ I T ]

Indian Systems of Medicine


Ministry of Health and Family Welfare
Government of India

NextGen eHospital

Ayushman Bharat Digital Mission
NATIONAL INFORMATICS CENTRE
Integrated: M1, M2, M3

# SCAN & SHARE

## SELF O.P.D REGISTRATION AT ISM E-HOSPITALS

ഓ.പി. യിലെത്തുന്ന രോഗികൾക്ക്, ഓ.പി. ടിക്കറ്റ് എടുക്കുന്നതിനായി, നീണ്ട ക്യൂ ഒഴിവാക്കി, ആശുപത്രിയുടെ QR കോഡ് ഉപയോഗിച്ച് സ്കാൻ ചെയ്ത് വ്യക്തിഗതവിവരങ്ങൾ ഷെയർ ചെയ്ത്, എളുപ്പത്തിൽ ഓ.പി. രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിനുള്ള മാർഗ്ഗമാണ് സ്കാൻ & ഷെയർ സംവിധാനം. NIC യുടെ NextGen e-Hospital സംവിധാനത്തിൽ ABHA ഇന്റഗ്രേറ്റ് ചെയ്തിട്ടുള്ളതിനാൽ, ഇ-ഹോസ്പിറ്റൽ ഉപയോഗിക്കുന്ന സർക്കാർ ആയുർവേദ ആശുപത്രികളിൽ വളരെ എളുപ്പത്തിൽ ജനങ്ങൾക്ക് ഉപകാരപ്രദമായ സ്കാൻ & ഷെയർ ഏർപ്പെടുത്താൻ കഴിയും. ഐ.എസ്.എം. ഡിപ്പാർട്ട്മെന്റിന്റെ ആശുപത്രികളിലും ഡിസ്പെൻസറികളിലും ആൺ ആയി ഉപയോഗിക്കുന്നത്.

സ്കാൻ & ഷെയർ വഴി ഓ.പി. രജിസ്ട്രേഷൻ ചെയ്യുന്നതിന്, രോഗികളായി എത്തുന്നവർക്ക് താഴെ പറയുന്ന രണ്ട് കാര്യങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

1. **ABHA Number**
2. **ABHA Application in Mobile Phone**


നമ്മുടെ ആശുപത്രികളിൽ സ്കാൻ & ഷെയർ സവിധാനം താഴെ പറയുന്ന 3 സ്റ്റെപ്പുകളിലായി നടപ്പിലാക്കാവുന്നതാണ്.

1. Counter QR Code Generation [ By Hospital ]
2. QR Code Scanning & Data Sharing [ By Patients ]
3. OP Ticket Generation [ By Hospital ]

## Counter QR Code Generation:

ആശുപത്രിയിലെത്തുന്ന രോഗികൾക്ക് സ്കാൻ & ഷെയർ ഓപ്ഷൻ ഉപയോഗിച്ച്, സ്കാൻ ചെയ്യുന്നതിനായി QR കോഡ് ആശുപത്രിയിൽ ഡിസ്പ്ലേ ചെയ്യേണ്ടതാണ്. ഈ കോഡ്, നമുക്ക് നമ്മുടെ ഇ-ഹോസ്പിറ്റൽ ലോഗിനിൽ നിന്നും ജനറേറ്റ് ചെയ്ത്, ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഐ.എസ്.എം. ഡിപ്പാർട്ട്മെന്റിലെ ഐ.റ്റി.ഡിവിഷനിൽ നിന്നും ഇതിനോടകം തന്നെ സ്കാൻ & ഷെയറിന്റെ കോഡ് ജനറേറ്റ് ചെയ്ത് ഹോസ്പിറ്റലുകൾക്ക് നൽകിയിട്ടുണ്ട്. കോഡ് വീണ്ടും ഡൗൺലോഡ് ചെയ്യണമെങ്കിൽ, OPD Configuration എന്ന മോഡ്യൂളിലെ

Queue Management System എന്ന മെനുവിലെ ABDM Counter QR Code എന്ന ഓപ്ഷൻ സെലക്റ്റ് ചെയ്യുക. നിലവിൽ ആഡ് ചെയ്തിട്ടിരിക്കുന്ന സ്കാൻ & ഷെയർ കൗണ്ടർ വിവരങ്ങൾ അവിടെ കാണാവുന്നതാണ്. കൗണ്ടർ വിവരങ്ങളിലെ Print PDF എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്ത് QR കോഡ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.





കൂടുതൽ കൗണ്ടറുകൾ വേണമെങ്കിൽ ആഡ് ചെയ്യാനുള്ള ഓപ്ഷൻ ഈ പേജിലുണ്ട്. നമ്മുടെ ആശുപത്രികളിൽ അതിനുള്ള സാഹചര്യം നിലവിൽ ഇല്ല. **ഇത് പ്രിന്റ് എടുത്തോ, പ്രത്യേക സ്റ്റിക്കറായി ചെയ്യിപ്പിച്ചോ രോഗികൾക്ക് സ്കാൻ ചെയ്യുന്നതിനായി നിശ്ചിത സ്ഥലങ്ങളിൽ പതിക്കാവുന്നതാണ്.**




## QR Code Scanning & Data Sharing:

ആശുപത്രിയിലെത്തുന്ന രോഗികൾക്ക് Scan & Share സംവിധാനം ഉപയോഗിക്കണമെങ്കിൽ അവർക്ക് ABHA നമ്പർ ഉണ്ടായിരിക്കുകയും, മൊബൈലിൽ ABHA Enabled Application ഉണ്ടായിരിക്കുകയും വേണം. ABHA, Arogya Sethu, Driefcase, Eka Care തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ സ്കാൻ & ഷെയറിനായി ഉപയോഗിക്കാവുന്നതാണ്. നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ ABHA ആപ്ലിക്കേഷൻ ഉപയോഗിക്കുന്നതാവും ഏറ്റവും നല്ലത്. അല്ലാതെയുള്ള രോഗികൾക്ക് ഈ ഫെസിലിറ്റി ഉപയോഗിക്കാൻ കഴിയില്ല. ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നും ABHA App ഡൗൺലോഡ് ചെയ്യാവുന്നതാണ്.


ABHA നമ്പർ ഉള്ള രോഗികൾക്ക് ABHA App ൽ മൊബൈൽ നമ്പർ നൽകി ലോഗിൻ ചെയ്തുകഴിയുമ്പോൾ നമ്മുടെ പ്രൊഫൈൽ ഓപ്പണാകുന്നതാണ്. പ്രൊഫൈൽ പേജിൽ, രോഗിയുടെ ഫോട്ടോയ്ക്ക് മുകളിലായി സ്കാനിംഗ് ഓപ്ഷൻ കാണാവുന്നതാണ്. അതിൽ ക്ലിക്ക് ചെയ്ത് ഓപ്പണാക്കുക.






QR കോഡ് സ്കാനർ ഓപ്പണാകുന്നതാണ്. അതുപയോഗിച്ച് ആശുപത്രിയിൽ പ്രദർശിപ്പിച്ചിരിക്കുന്ന ആശുപത്രിയുടെ QR കോഡ് സ്കാൻ ചെയ്യുക. മൊബൈൽ ഫോണിന്റെ ഗാലറിയിൽ നിന്നും സ്കാൻ ചെയ്യാനുള്ള സൗകര്യവും മൊബൈൽ ആപ്ലിക്കേഷനിലുണ്ട്.

QR കോഡ് സ്കാൻ ചെയ്യുന്നതോടുകൂടി, ഫോണിൽ രോഗിയുടെ ABHA ഡേറ്റാബേസിൽ നിന്നും ഷെയർ ചെയ്യാനുള്ള അടിസ്ഥാനവിവരങ്ങളും, ഏത് ആശുപത്രിയ്ക്കാണ് ഷെയർ ചെയ്യുന്നത് എന്നുള്ള വിവരവും വരുന്നതാണ്. ഈ പേജിൽ താഴെയുള്ള **Get Token** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. തുടർന്ന് ABHA ഡേറ്റാബേസിൽ നിന്നും ഷെയർ ചെയ്യാനുള്ള വിവരങ്ങളുടെ consent ചോദിച്ചുകൊണ്ടുള്ള പേജ് മൊബൈലിൽ ഓപ്പണാകുന്നതാണ്. അതിൽ **I Agree** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.





അതോടുകൂടി, രോഗിയുടെ അടിസ്ഥാനവിവരങ്ങൾ ആശുപത്രിയുടെ സോഫ്റ്റ് വയറുമായി ഷെയർ ചെയ്യപ്പെടുകയും ടോക്കൺ നമ്പർ ജനറേറ്റ് ചെയ്യപ്പെടുകയും ചെയ്യുന്നതാണ്.**ഈ ടോക്കൺ നമ്പർ ഡോക്ടറെ കാണുന്നതിനുള്ള ടോക്കൺ നമ്പർ അല്ലെന്നുള്ള കാര്യം പ്രത്യേകം ശ്രദ്ധിക്കുക.** QR കോഡ് കൗണ്ടറിലെ ടോക്കൺ നമ്പറാണിത്.





ഇതോടുകൂടി രോഗിയുടെ ഭാഗത്തുനിന്നും ചെയ്യേണ്ടുന്ന കാര്യങ്ങൾ പൂർത്തിയാകുന്നതാണ്. രോഗിക്ക് ഈ മെസേജുമായി, ഓ.പി. ടിക്കറ്റ് കൗണ്ടറിനെ സമീപിക്കാവുന്നതാണ്. ഇപ്രകാരം ജനറേറ്റ് ചെയ്യുന്ന ടോക്കണിന് 60 മിനിറ്റ് ആണ് വാലിഡിറ്റി ഉള്ളത്. 60 മിനിറ്റിനകം ഓ.പി. ടിക്കറ്റ് കൗണ്ടറിൽ ബന്ധപ്പെട്ടിട്ടില്ലെങ്കിൽ, ടോക്കൺ expire ആകുന്നതാണ്.

## OP REGISTRATION OF SCAN & SHARE TOKENS


സ്കാൻ & ഷെയർ വഴി ക്യൂ.ആർ. കോഡ് സ്കാൻ ചെയ്ത് ടോക്കൺ എടുത്തിട്ടുള്ള രോഗികളുടെ ഓ.പി. രജിസ്ട്രേഷൻ NextGen E-Hospital ലെ OPD Registration മോഡ്യൂളിലെ ABDM വിൻഡോ വഴിയാണ് ചെയ്യുന്നത്. അവർ സ്കാൻ ചെയ്ത സമയത്ത് മൊബൈൽ ആപ്ലിക്കേഷനിൽ consent നല്കിയിട്ടുള്ളതിനാൽ, വീണ്ടും മൊബൈൽ വഴി വെരിഫിക്കേഷൻ ആവശ്യമില്ല. ഏറ്റവും എളുപ്പത്തിൽ ഓ.പി. രജിസ്ട്രേഷൻ ചെയ്യാവുന്നത് സ്കാൻ & ഷെയർ വഴിയാണ്.




സ്കാൻ & ഷെയർ വഴി ടോക്കൺ എടുത്തിട്ടുള്ളവരുടെ വിവരങ്ങൾ ABDM വിൻഡോയിൽ Shared Profile എന്ന ഓപ്ഷനിൽ കിട്ടുന്നതാണ്. അതിനായി Shared Profile ൽ Select Counter എന്ന കോളത്തിൽ Counter No. 1 [ഏത് കൗണ്ടറിലാണോ QR കോഡ് അസൈൻ ചെയ്തിരിക്കുന്നത്, ആ കൗണ്ടർ ] സെലക്ട് ചെയ്യുക.




തുടർന്ന് താഴെയായി Call Patient, Missing Queue, Patient List എന്നിങ്ങനെ 3 ഓപ്ഷനുകൾ വരുന്നതാണ്. അതിൽ **Call Patient** ൽ ക്ലിക്ക് ചെയ്യുക. QR കോഡ് സ്കാൻ ചെയ്ത് ടോക്കൺ എടുത്തിട്ടുള്ളവരുടെ പേരുവിവരങ്ങൾ മുൻഗണനാക്രമത്തിൽ ലിസ്റ്റ് ചെയ്യപ്പെടുന്നതാണ്.




അതിൽ രോഗിയുടെ പേരിന് നേരെയുള്ള Proceed ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ രോഗിയുടെ മുഴുവൻ വിവരങ്ങളും Patient Details എന്ന രജിസ്ട്രേഷൻ പേജിൽ തനിയെത്തന്നെ വരുന്നതാണ്.




തുടർന്ന്, താഴെയുള്ള Visit Details എന്ന ഭാഗത്ത് കാണേണ്ടുന്ന ഡോക്ടറുടെ വിവരങ്ങൾ സെലക്ട് ചെയ്തശേഷം, താഴെയുള്ള Register ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ഓ.പി. ടിക്കറ്റ് ജനറേറ്റ് ചെയ്യപ്പെടുന്നതാണ്.

| Scan & Share Video by NHA | Download |
|---|---|